# 'പുലയൻ ദുഷ്ടനാണുണ്ണി സ്വജനമല്ലോ പ്രിയങ്കരൻ'

**ശങ്കരനാരായണൻ മലപ്പുറം**

അച്ചുതൻ ഒരു സർക്കാരുദ്യോഗസ്ഥനാണ്. ജാതിയിൽ പുലയൻ. എന്റെയൊരു സുഹൃത്തിന്റെ സുഹൃത്ത് ജോലി ചെയ്യുന്ന ഓഫീസിലാണ് അച്ചുതന് ജോലി. ആദി ഭാരതീയർ സമാജം ഒരു ദലിത് സംഘടനയാണ്. ഏപ്രിൽ 14 ന് ഡോ. അംബേദ്കർ ജന്മദിനത്തിൽ ആദി ഭാരതീയർ സമാജം ഒരു പരിപാടി സംഘടിപ്പിച്ചു അതിൽ അച്ചുതനും പങ്കെടുത്തു. ഇത് അച്ചുതന്റെ സഹപ്രവർത്തകനായ ഒരു സഖാവ് പാലക്കീഴ് അറിഞ്ഞു. ഇത്തരം പരിപാടിയിൽ നമ്മൾ (എൻ.ജി.ഒ. യൂണിയൻ അംഗങ്ങൾ) പങ്കെടുക്കരുതെന്ന് സഖാവ് അച്ചുതനെ ഉപദേശിച്ചു.

അച്ചുതൻ പ്രസ്തുത ദലിത് സംഘടനയുടെ അനുഭാവി മാത്രമാണ്. പക്ഷെ സഖാവ് പാലക്കീഴ് നരായണന്റെ കാര്യം ഇങ്ങനെയല്ല. പാലക്കീഴ് നാരായണൻ നമ്പൂതിരിയാണ്. മാത്രമല്ല മാർക്സിസ്റ്റ് സാംസ്കാരിക സംഘടനയായ പുരോഗമന കലാസാഹിത്യ സംഘത്തിന്റെ സംസ്ഥാന കമ്മറ്റി ഭാരവാഹിയുമാണ്.

അച്ചുതൻ ആദി ഭാരതീയർ സമാജം നടത്തിയ പരിപാടിയിലെ പ്രസംഗം കേൾക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. എന്നാൽ, പാലക്കീഴ് തന്റെ ജാതി സംഘടനയിൽ പോയി പ്രസംഗിച്ച വ്യക്തിയാണ്. പുരോഗമന കലാസാഹിത്യകാരനായ പാലക്കീഴ് നാരായണൻ, 2000 ഡിസംബർ 22 ന് മലപ്പുറം ജില്ലയിലെ പടിഞ്ഞാറ്റുംമുറിയിൽ വെച്ചു നടത്തിയ, നമ്പൂതിരിമാരുടെ 'സ്വജന സംഗമം' എന്ന പരിപാടിയിൽ സജീവമായി പങ്കെടുത്തു പ്രസംഗിക്കുകയും ചെയ്തു (ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, 23.12.02).

നമ്പൂതിരിമാരുടെ 'സ്വജന സംഗമ'ത്തിൽ പങ്കെടുത്ത ഈ സ്വജനക്കാരൻ തന്നെയാണ് പാർട്ടിയുടെ വക്താവായും രംഗത്തുള്ളത്. മാർക്സിസ്റ്റ് പാർട്ടിയുടെ മലപ്പുറം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ജനുവരി 18ന് മഞ്ചേരിയിൽ നടത്തിയ സാംസ്കാരിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് പാലക്കീഴ് നാരായണനായിരുന്നു.പുലയൻ ദുഷ്ടനാണുണ്ണി

'സ്വജന'മല്ലോ പ്രിയങ്കരൻ' – എന്നതാണ് വിപ്ലവപ്രസ്ഥാനത്തിന്റെ

അവസ്ഥ